എറണാകുളം കോളേജിൽനിന്നും ഇരുന്നൂറ്റിഅൻപതോളം വിദ്യാർത്ഥികളും, മൂവാറ്റുപുഴനിന്നും അഞ്ഞൂറോളം വിദ്യാർത്ഥികളും തൊടുപുഴനിന്നും നൂറ്റിയൻപതോളം വിദ്യാർത്ഥികളും ഉൾപ്പെടെ ആയിരത്തോളം വിദ്യാർത്ഥികളുടെ ഒരു ഘോഷയാത്ര കോതമംഗലം ടൗണിൽ ഒരു പ്രകടനം നടത്തുകയും, തുടർന്നുവച്ചിരുന്ന ചില ഷോപ്പുകളിൽ കല്ലേറു നടത്തുകയും ഉണ്ടായി.

നിരാഹാരസത്യാഗ്രഹം നടത്തുന്ന വിദ്യാർത്ഥികളെ കസ്റ്റഡിയിലെടുത്തു ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. ഈ സംഭവത്തെ തുടർന്ന് ചിലരുടെപേരിൽ കേസ്സെടുത്തിട്ടുണ്ട്. വിദ്യാർത്ഥികളും പ്രിൻസിപ്പാളും തമ്മിലുള്ള അച്ചടക്കപ്രശ്നം മാറി, ഇപ്പോൾ നിയമസമാധാനത്തിന്റെ പ്രശ്നമായി അതു മാറിയിരിക്കുകയാണ്. ഈ പ്രശ്നത്തിനു പരിഹാരം കാണാൻ, അവിടെ സമാധാനം പുനഃസ്ഥാപിക്കാൻ, വിദ്യാർത്ഥികളുടെ രക്ഷിതാക്കളും, കോളേജധികൃതരും തൃപ്തികരമായ രീതിയിൽ ഒരൊത്തുതീർപ്പുണ്ടാക്കാൻ പരിശ്രമിക്കുകയാണ്. എറണാകുളം കളക്ടറുടെ സാന്നിദ്ധ്യത്തിലും അദ്ധ്യക്ഷതയിലും അതിനുള്ള ശ്രമം ആരംഭിച്ചിരിക്കുകയാണ്. ആ പരിശ്രമങ്ങൾക്കു ഹാനികരമായ വിധത്തിൽ എന്തെങ്കിലും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

എല്ലാ ഭാഗത്തുനിന്നും, വിദ്യാർത്ഥികളും, രക്ഷിതാക്കളും, കോളേജു ഭരണവാഹികളും വേണ്ടത്ര വിട്ടുവീഴ്ചകളോടുകൂടി ഈ പ്രശ്നത്തിനു പരിഹാരം ഉണ്ടാക്കാനും, കളക്ടരുടെ നേതൃത്വത്തിലുള്ള ഒത്തുതീർപ്പു ശ്രമം വിജയിപ്പിക്കാനും ആത്മാർത്ഥമായി സഹകരിക്കുമെന്നാണ് എന്റെ വിശ്വാസം. ബന്ധപ്പെട്ട കോളേജിനും, മറ്റു കോളേജുകൾക്കും ഉണ്ടായിട്ടുള്ള പ്രതികരണങ്ങൾ എത്രതന്നെയായാലും, വിശാലമനസ്ഥിതിയോടുകൂടി ഇതിൽ സഹകരിച്ചാൽ ഈ പ്രശ്നം പരിഹൃതമാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ, ശ്രീ. ടി. എം. മീതിയന്റെ അടിയന്തരപ്രമേയത്തിനു് അനുമതി നൽകുന്നില്ല.

Calling Attention Under Rule 61

(i) Alleged trespass into a building of a teacher of the Teekoy School.

ഡെപ്യൂട്ടി സ്പീക്കർ: പൂഞ്ഞാറിൽ തീക്കോയി സ്കൂളിലെ ഒരദ്ധ്യാപകന്റെ കെട്ടിടം അനധികൃതമായി കൈയേറിയവരെ കോടതിയുടെ ഉത്തരവനുസരിച്ചു് ഇറക്കിവിട്ടിട്ടു്, കെട്ടിടം ഉടമസ്ഥനെ ഏല്പിച്ചിട്ടും, ഒരു കൂട്ടം ആളുകൾ വീണ്ടും കെട്ടിടം കൈയേറിയതിനെ തുടർന്നു് സ്ഥലത്തുളവായിട്ടുള്ള ഗുരുതരാവസ്ഥ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ റൂൾ 61 അനുസരിച്ചു് ശ്രീ. കെ. എം. ജോർജ്ജു് ഒരു നോട്ടീസു നൽകിയിട്ടുണ്ടു്.

ശ്രീ. കെ. എം. ജോർജ്ജു്:—സർ, ഏതാനും ദിവസങ്ങളായി, വെട്ടിപ്പുറമ്പു് തീക്കോയി പഞ്ചായത്തിൽ, തീക്കോയി സ്കൂളിലെ ഒരദ്ധ്യാപകന്റെ കെട്ടിടത്തിൽ താമസിച്ചിരുന്ന ആളിനെ മുൻസിഫു് കോടതി നിയമപ്രകാരം പോലീസു സഹായത്തോടെ ഒഴിവാക്കി ഉടമസ്ഥനെ കെട്ടിടം ഏല്പിക്കുകയുണ്ടായി. ഉടമസ്ഥനായ അദ്ധ്യാപകൻ കെട്ടിടം കൈയേറുന്നതിനുശേഷം 'കോടതി ഇറക്കിവിട്ടതു ശരിയല്ല, ഞങ്ങൾക്കു നിയമമൊന്നും ബാധകമല്ല' എന്ന മട്ടിൽ ഒരു വിഭാഗം ആളുകൾ—പേരു ഞാൻ പറയുന്നില്ല—ആയുധധാരികളായി വന്നു്, കെട്ടിടത്തിന്റെ കതകു് തല്ലിപ്പൊളിച്ചു് അകത്തു കയറി താമസമായിരിക്കുകയാണ്. ഈ സംഭവത്തിൽ നാട്ടുകാരുടെ പ്രതികരണം വളരെയധികം ആശങ്കാജനകമാണ്. ഇങ്ങനെ നിയമം കൈയിലെടുത്തു എന്തുംചെയ്യാമെന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാകുന്നതു ശരിയല്ല. ആളുകളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ആരുമില്ലാത്ത ഒരു അരക്ഷിതാവസ്ഥ ഈ നാട്ടിലുണ്ടാകുന്നതു വളരെ കഷ്ടമാണ്. പോലീസധികാരികളുടെ

LIBRARY ARCHIVES Kerala Legislative Assembly

അടുക്കൽ പരാതിപ്പെട്ടിട്ട്, മേലധികാരികൾ, സ ക്കി ൾ ഇ ൻ സ്പെ ക് ടർ, ഡി. വൈ. എസ്പി. പി. എന്നീ ഉദ്യോഗസ്ഥന്മാർ നീതി നടത്താൻ ശ്രമിച്ചെങ്കിലും അവരെ ഭീഷണിപ്പെടുത്തിക്കൊണ്ട് അവർ അവിടെ കയറി താമസിക്കുകയാണ്, ഇരുഭാഗത്തും വളരെ ആളുകൾ സംഘം ചേർന്ന് ഇതിനെ നേരിടാൻ സന്നദ്ധരായി നിൽക്കുകയാണ്. പാലാ, കാഞ്ഞിരപ്പള്ളി മീനച്ചിൽ എന്നീ പ്രദേശങ്ങളിലെ മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകരും ഇതരകക്ഷികളിൽപ്പെട്ടവരും രണ്ട് സംഘമായി തിരിഞ്ഞ് ആയുധധാരികളായി അക്രമത്തിന് തയ്യാറായി നിൽക്കുകയാണ്, ഒരു സംഘം പോലീസുകാരും അവിടെയുണ്ട്. ഇന്നലെ രാത്രി വളരെ വൈകി കിട്ടിയ ഒരു വിവരം എന്തും ഏതു സമയത്തും സംഭവിക്കാവുന്ന തരത്തിൽ നൂറുകണക്കിനാളുകൾ ഇരു ഭാഗത്തും തയ്യാറെടുത്തു നിൽക്കുകയാണെന്നാണ്. സർ, ഇതു ഒരു തരത്തിലും അനുവദിക്കാവുന്നതല്ല, നീതീകരിക്കാവുന്നതല്ല. മാർക്സിസ്റ്റ് പാർട്ടിയിലെ ആളുകൾക്ക് ഇന്ന് എന്തും ചെയ്യാം, പോലീസു അവർക്ക് പുല്ലാണ്. നമ്മുടെ രാജ്യത്ത് പല ഭാഗങ്ങളിലും ഇത്തരം അക്രമാസക്തമായ നടപടികൾ നടക്കുന്നുണ്ട്. ഇന്നലെ പാതിരാസ്സുശേഷം അവിടെ പരസ്പരം ആക്രമണമോ ആസ്തി നാശമോ വസ്തുനാശമോ സംഭവിച്ചിരിക്കാൻ സാദ്ധ്യതയുണ്ട്. അവിടെ നിയമസമാധാനം പുലർത്താനും, ആളുകളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനും വളരെ വേഗം ഉചിതമായ നടപടി സ്വീകരിക്കണമെന്നും, മന്ത്രി ഇക്കാര്യം വളരെ ഗൗരവപൂർവ്വം കണക്കിലെടുത്ത് അവിടത്തെ അക്രമപ്രവർത്തനങ്ങളെ കർശനമായി നേരിടാൻ ഉടനടി ഉത്തരവു പുറപ്പെടുവിക്കണമെന്നും അഭ്യർത്ഥിക്കാനാണ് റൂൾ 61 അനുസരിച്ചുള്ള ഈ നോട്ടീസു നൽകിയിട്ടുള്ളത്. അങ്ങനെ ചെയ്യുമെന്നുള്ള പ്രതീക്ഷയിൽ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. കെ. കൃഷ്ണൻ: സർ, അവിടെ നിയമസമാധാനത്തിനുള്ള അടിയന്തരനടപടി ഗവണ്മെന്റു സ്വീകരിക്കുന്നതാണ്. ഇതു സംബന്ധിച്ച വിശദവിവരങ്ങളും ഗവണ്മെന്റിന്റെ കൈവശമില്ല. അടുത്ത ദിവസം മറുപടി പറയാം.

ഡെപ്യൂട്ടി സ്പീക്കർ: രണ്ടുമാസമായി പിന്നോക്ക പട്ടികജാതി ക്ഷേമവകുപ്പിലെ വാളന്റിയർന്മാർ, അവർക്ക് അനുവദിച്ചിരുന്ന ചില ആനുകൂല്യങ്ങളും മുന്നു തലമുറ കഴിഞ്ഞു നിറുത്തലാക്കിക്കൊണ്ടുള്ള ഗവണ്മെന്റുത്തരവിനെതിരായി നടത്തിവരുന്ന സത്യഗ്രഹംമൂലം ഉളവായിട്ടുള്ള ഗുരുതരാവസ്ഥയെ ഗവണ്മെന്റു ശ്രദ്ധയിൽപ്പെടുത്താൻ ശ്രീ. കെ. എം. മാണി ഒരു നോട്ടീസു നൽകിയിട്ടുണ്ട്. ശ്രീ. മുസ്തഫാകമാലും അതു സംബന്ധിച്ച നോട്ടീസു നൽകിയിട്ടുണ്ട്. അതു ബന്ധപ്പെട്ട മന്ത്രിക്ക് അയച്ചുകൊടുക്കുന്നതാണ്.

(ii) Attack on Agricultural labourers in Vallarpadam in Ernakulam District.

ഡെപ്യൂട്ടി സ്പീക്കർ: റൂൾ അറുപത്തിയൊന്ന് അനുസരിച്ച് ശ്രീ. അലക്സാണ്ടർ പറമ്പിത്തറയുടെയും ശ്രീ. എൻ. കെ. ബാലകൃഷ്ണന്റെയും നോട്ടീസുകൾക്ക് മന്ത്രി മറുപടി പറയുവാനുണ്ട്.

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ): സർ, കഴിഞ്ഞ ദിവസം ഇവിടെ ബഹുമാനപ്പെട്ട പറമ്പിത്തറമാസ്റ്റർ ഉന്നയിച്ചിട്ടുള്ളത് വല്ലാർപാടത്തെ കൊയ്ത്തുമായി ബന്ധപ്പെട്ട സംഗതിയാണ്. രത്നാകരൻ എന്നൊരാളിന്റെ സഹോദരിയുടെ വക നിലത്തിൽ കഴിഞ്ഞ 12-ാം തീയതി കൊയ്ത്തു ആരംഭിച്ചു. കൊയ്ത്തിനു കിട്ടുന്ന പതം സംബന്ധിച്ചു അവിടത്തെ തൊഴിലാളി യൂണിയൻ ഉന്നയിച്ചിരുന്ന ആവശ്യം അംഗീകരിക്കുവാൻ നിലം ഉടമ കൂട്ടാക്കാത്തതിനെത്തുടർന്നാണ് ഈ കൂലിപ്രശ്നത്തെ സംബന്ധിച്ചു തർക്കം ഉൽഭവിച്ചത്. കേരളത്തിൽ ബാക്കിയുള്ള സ്ഥലത്തെ ന്യായമായ കൂലി കിട്ടണമെന്നുള്ള ആവശ്യം തൊഴിലാളി യൂണിയൻ ഉന്നയിച്ചപ്പോൾ ആ ആവശ്യം അംഗീകരിക്കാൻ കൂട്ടാക്കാതെ

LIBRARY ARCHIVES Kerala Legislative Assembly